**TRANSCRIPT OF THE 34TH ANNUAL GENERAL MEETING OF M/S KPB NIDHI LIMITED HELD AT 11.00 A.M ON THURSDAY, 28TH SEPTEMBER 2023 THROUGH VIDEO CONFERENCE**

**ചെയർമാൻ:**

**2022-23-** ലെ ഈ Annual General Body Meeting Ministry of Corporate Affairs-ന്റെ നിയമ പ്രകാരം ഓൺലൈൻ സംവിധാനത്തിലൂടെയാണ് നമ്മൾ നടത്തുന്നത്. അതനുസരിച്ചിട്ടുള്ള എല്ലാ നിയമ വശങ്ങളും നമ്മൾ പാലിച്ചിട്ടുണ്ട്.

ഈ വാർഷിക പൊതു യോഗത്തിനു ആവശ്യമായ quorum, ഓൺലൈൻ ആയിട്ടുമൊക്കെ ഇതിനകം തന്നെ ആയി കഴിഞ്ഞിട്ടുണ്ട്. യോഗം അതിന്റെ നടപടികൾ അനുസരിച്ചു നമ്മൾ ആരംഭിക്കുന്നതാണ്. E-voting- ന്റെ സമയം നമ്മൾ ഇപ്പോൾ ആരംഭിക്കുകയാണ്. E voting ഓൺ ചെയ്തിരിക്കുന്നു. നമ്മൾ എല്ലാ ഷെയർ ഹോൾഡർമാരോടും ഈ E-voting സൗകര്യം ഉപയോഗിച്ച് കൊണ്ട് മുൻകൂട്ടി പറഞ്ഞിട്ടുള്ള എല്ലാ പ്രമേയത്തിലും vote ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശ്വര പ്രാത്ഥനയോടു കൂടി നമ്മൾ ഇന്നത്തെ ഈ A.G.M. ആരംഭിക്കുകയാണ്. സന്നിഹിതരായിട്ടുള്ള എല്ലാവരും സ്വസ്ഥാനത്തു ഇരുന്നാൽ മതി.

ഈശ്വര പ്രാർത്ഥന...

ഈ വാർഷിക പൊതുയോഗം നമ്മൾ ഒരുമിച്ചു നടത്തുമ്പോൾ, കഴിഞ്ഞ ഒരു വര്ഷം നമ്മെ വിട്ടു പിരിഞ്ഞ പ്രമുഖരായിട്ടുള്ള നിരവധി വ്യക്തിത്വങ്ങളുണ്ട്. നമ്മുടെ കുടുംബാംഗങ്ങൾ ഉണ്ട്, അഭ്യുദയകാംക്ഷികൾ ഉണ്ട്. അങ്ങനെയുള്ള എല്ലാവർക്കും, അവരെ ഒരു നിമിഷം സ്മരിക്കുകയും, ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ അവർ സമർപ്പിച്ചിട്ടുള്ള അവരുടേതായ സംഭാവനകൾ ഓർക്കുകയും, അവരുടെ ആത്മാവിന്റെ മോക്ഷത്തിനായി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം. ചില ആളുകളുടെ, എല്ലാവരുടെയും പേര് എടുത്തു പറയാൻ കഴിഞ്ഞില്ലെങ്കിലും, ഓർമയിൽ വരുന്ന ചില പേരുകൾ ഈ സന്ദർഭത്തിൽ പറഞ്ഞു പോകുകയാണ്. ലോക ഫുട്ബോൾ ചരിത്രത്തിൽ, സ്വന്തം പ്രതിഭ കൊണ്ട് ഇടം നേടിയ, ശ്രീ പെലെ കഴിഞ്ഞ വർഷമാണ് നമ്മെ വിട്ടു പിരിഞ്ഞത്. അതി വേഗം ബഹു ദൂരം എന്ന മുദ്രാവാക്യം, സ്വന്തം ജീവിതത്തിൽ പാലിച്ചു കൊണ്ട്, എല്ലാ ആളുകളുമായി അടുത്ത ബന്ധം പുലർത്തി കൊണ്ട്, എങ്ങനെയാണോ ഒരു പൊതു പ്രവർത്തകൻ ജീവിക്കേണ്ടത്, ആ നിലയിൽ മാതൃകാപരമായി ജീവിച്ചു കാണിച്ച, കേരളത്തിന്റെ മുൻ മുഖ്യ മന്ത്രി, അമ്പതു വർഷത്തിലേറെ M.L.A യായി ഒരേ നിയോജക മണ്ഡലത്തിൽ നിന്നും സേവനമനുഷ്ഠിച്ച, ശ്രീ ഉമ്മൻ ചാണ്ടി, അദ്ദേഹം ഇന്നില്ല,

അദ്ദേഹത്തെയും ഈ സന്ദർഭത്തിൽ നമ്മൾ ഓർക്കുന്നു. തന്റെ സ്വര മാധുര്യം കൊണ്ട് മലയാളികളെ മുഴുവൻ കോരിത്തരിപ്പിച്ച, ദക്ഷിണ ഭാരതത്തിലെ മറ്റു ഭാഷകളിലും തന്റേതായ സ്ഥാനം ഉറപ്പിച്ച ശ്രീമതി വാണി ജയറാം, അവരും ഈ കാലഘട്ടത്തിലാണ് നമ്മെ വിട്ടു പിരിഞ്ഞത്. കാൻസർ വാർഡിലും ചിരി പരത്തിയ കേരളത്തിന്റെ അത്ഭുത കലാകാരൻ, സ്വയം തന്നെ നർമ്മത്തിന് വിഷയമാക്കി കൊണ്ട് മറ്റുള്ളവരിലേക്കും സന്തോഷം പകരുന്ന ശ്രീ ഇന്നസെന്റ്, അദ്ദേഹം കുറച്ചു കാലം M.P യും ആയിരുന്നു. അദ്ദേഹവും നമ്മെ വിട്ടു പിരിഞ്ഞു. അത് പോലെ തന്നെ, മലയാളത്തിന്റെ ഹാസ്യ നടൻ, ശ്രീ മാമുക്കോയ, തന്റെ അഭിനയ പാടവം കൊണ്ട് മലയാളികളുടെ ഹൃദയത്തിൽ സ്ഥാനം ഉറപ്പിച്ചിട്ടുള്ള, ശ്രീ മാമുക്കോയ നമ്മെ വിട്ടു പിരിഞ്ഞു. സിനിമ രംഗത്തു തന്നെ വ്യത്യസ്തമായ ഒരു ചാലിൽ കൂടി, കേരളത്തിന്റെ, മലയാള സിനിമയെ മാറ്റി പ്രതിഷ്ഠിച്ച, സിദ്ധിഖ് ലാൽ കൂട്ടു കെട്ടിലെ സിദ്ധിഖ്, സംവിധായകൻ സിദ്ധിഖ് അദ്ദേഹവും, നമ്മെ വിട്ടു പിരിഞ്ഞു, അടുത്തിടക്ക്. കഴിഞ്ഞ ആഴ്ചയിലാണ്, തന്റെ ജീവിതം രാഷ്ട്രത്തിന്റെ നന്മക്കു വേണ്ടി സമർപ്പിച്ചു, രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ പ്രചാരകനുമായും, പിന്നീട് ബി.ജെ.പി.യുടെ സംസ്ഥാന സംഘടനാ സെക്രട്ടറിയുമായും ഒക്കെ പ്രവർത്തിച്ച, എല്ലാവർക്കും മുകുന്ദേട്ടൻ എന്ന പേരിൽ ഏറെ പ്രിയങ്കരൻ ആയിരുന്ന ശ്രീ പി.പി. മുകുന്ദൻ, അദ്ദേഹവും നമ്മെ വിട്ടു പിരിഞ്ഞു. ഉത്തർ പ്രദേശത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ മുലായം സിംഗ് യാദവ്, പ്രശസ്ത അഭിഭാഷകനും, സുപ്രീം കോർട്ടിലെ സീനിയർ അഭിഭാഷകനും മുൻ കേന്ദ്ര മന്ത്രിയും ഒക്കെ ആയിരുന്ന ശ്രീ ശാന്തി ഭൂഷൺ, കേന്ദ്ര മന്ത്രിയും ഒക്കെ ആയി രാജ്യത്തിന് വേണ്ടി സേവനമനുഷ്ഠിച്ച ശ്രീ ശരദ് യാദവ്, മുഖ്യ മന്ത്രിയായും ഗവർണ്ണർ ആയും ഒക്കെ ദീർഘ കാലം പൊതു സമൂഹത്തിൽ പ്രവർത്തിച്ച, അങ്ങേയറ്റം ആദരണീയനായ ശ്രീ പ്രകാശ് സിംഗ് ബാദൽ, ഇവരൊക്കെ കഴിഞ്ഞ ഒരു വർഷമാണ് നമ്മെ വിട്ടു പിരിഞ്ഞത്. നമ്മുടെ സ്റ്റാഫ്, ദീർഘ കാലം നമ്മുടെ കൂടെ പ്രവർത്തിച്ച, ഒല്ലൂർ ബ്രാഞ്ചിലെ സ്റ്റാഫ് ശ്രീ വർഗീസ്, അദ്ദേഹം നമ്മുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഇരിക്കുമ്പോൾ തന്നെ, ജോലിയുടെ ഇടയിൽ തന്നെയാണ് അദ്ദേഹത്തിന് പെട്ടന്ന് ഹൃദയാഘാതം ഉണ്ടായത്, അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. അത് പോലെ തന്നെ കുന്നമംഗലം ബ്രാഞ്ചിൽ ഉണ്ടായിരുന്ന ശ്രീമതി ശാന്ത കുമാരി, വളരെ കാലം നമ്മുടെ സ്റ്റാഫ് ആയിരുന്നു, അവരും നമ്മെ വിട്ടു പിരിഞ്ഞു. കെ പി ബി യെ സംബന്ധിച്ചിടത്തോളം നമുക്ക് മറക്കാൻ പറ്റാത്ത ഒരു പേരാണ് അഴകത്തു ശാസ്ത്ര ശർമൻ നമ്പൂതിരിപ്പാട്. തന്ത്രി മുഖ്യൻ എന്ന രീതിയിലും, സാമൂഹ്യ പ്രവർത്തകൻ എന്ന രീതിയിലും, തന്ത്ര ശാസ്ത്രത്തെ സാമാന്യ ജനങ്ങളുടെ ഇടയിൽ എത്തിക്കുന്നതിലും ഒക്കെ, തന്ത്ര വിദ്യ പീഠ ത്തിന്റെ വിദ്യാർത്ഥിയായും പിന്നീട് അതിന്റെ കുലപതിയായും ഒക്കെ സേവനമനുഷ്ഠിച്ച അഴകത്തു ശാസ്ത്ര ശർമൻ നമ്പൂതിരിപ്പാട്, കെ പി ബി യുടെ ഡയറക്ടർ ആയിട്ടും കുറച്ചു കാലം പ്രവർത്തിച്ചിട്ടുണ്ട്. കെ പി ബി യുടെ ഒരു പാട് പ്രവർത്തനങ്ങൾ ആരംഭം കുറിച്ചത് അദ്ദേഹത്തിന്റെ കൈകൾ കൊണ്ടാണ്.
അദ്ദേഹവും കഴിഞ്ഞ വർഷമാണ് നമ്മെ വിട്ടു പിരിഞ്ഞത്.

നമ്മുടെ അനവധി സ്റ്റാഫിന്റെ ഉറ്റവർ, കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ, അച്ഛൻ, അമ്മ, അടുത്ത ബന്ധുക്കൾ അവരെയൊക്കെ വിട്ടു പിരിഞ്ഞതിന്റെ വാർത്തകൾ നമുക്ക് കിട്ടാറുണ്ട്. ഈ സന്ദർഭത്തിൽ അവരെയെല്ലാവരെയും സ്മരിക്കുന്നു, അവരുടെ കുടുംബാംഗങ്ങൾക്ക്, അവരുടെ ദുഃഖത്തിൽ, അവർക്കു വന്നു ചേർന്നിട്ടുള്ള ദുഃഖത്തിൽ, നമ്മൾ പങ്കു ചേരുന്നു. നമ്മെ വിട്ടു പിരിഞ്ഞ ഈ എല്ലാ

ആളുകൾക്കും മോക്ഷ ഗതി ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്ന, ഒരു നിമിഷം മൗനമായി പ്രാർഥിച്ചതിനു ശേഷം, നമുക്ക് മറ്റു നടപടികളിലേക്ക് നീങ്ങാവുന്നതാണ്. ഈ വാർഷിക പൊതു യോഗത്തിനു ആശംസകൾ അർപ്പിക്കാൻ നമ്മുടെ ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ, ശ്രീ മുരളി സാറിനെ ക്ഷണിക്കുന്നു.

**മാനേജിങ് ഡയറക്ടർ:**

കെ പി ബി നിധിയുടെ 34-മത് വാർഷിക പൊതു യോഗം വളരെ സന്തോഷകരമായ അന്തരീക്ഷത്തിൽ നാം നടത്തുകയാണ്. ഈ വര്ഷം വളരെ പോസിറ്റീവ് ആയിട്ടുള്ള ഒരു വർഷമാണ്. നമ്മുടെ ചന്ദ്രയാൻ, നമ്മുടെ ബാലൻസ് ഷീറ്റിൽ എല്ലാവര്ക്കും കിട്ടിയിട്ടുണ്ടാവും. ബാലൻസ് ഷീറ്റിലെ ഫസ്റ്റ് ചിത്രം തന്നെ ചന്ദ്രയാന്റെയാണ്, G-20 summit, നമ്മുടെ GDP, ഇതെല്ലാം ഇന്ത്യയെ സംബന്ധിച്ചു പോസിറ്റീവ് ആയിട്ടുള്ള വര്ഷമായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നത്. അത് പോലെ തന്നെയാണ് കെ പി ബി നിധിക്കും ഈ വര്ഷം എന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

കെ പി ബി കുടുംബാംഗങ്ങൾക്കും എല്ലാവര്ക്കും ഈ സന്തോഷവും വിജയവും അവകാശപ്പെട്ടതാണ് എന്ന് പറയുന്നതിൽ എനിക്ക് വളരെ ചാരിതാർഥ്യമുണ്ട്.

ഇനി ഞാനെന്റെ കർത്തവ്യത്തിലേക്കു കടക്കട്ടെ...

ആദ്യമായി സ്വാഗതം ചെയ്യുന്നത് നമ്മുടെ ബഹുമാനപ്പെട്ട ചെയർമാൻ, ശ്രീ മോഹൻജിയെയാണ്. ഒരു, ഏതാണ്ടൊരു പത്തു വർഷത്തോളം, നമ്മുടെ കമ്പനിയുടെ ചുക്കാൻ പിടിച്ചു, കമ്പനിയുടെ എല്ലാ കാര്യങ്ങളിലും നമ്മോടൊപ്പം നിന്ന് വേണ്ടിടത്തു, മുന്നിൽ നിന്ന് നയിച്ച് കമ്പനിയെ ഈ ഒരു അവസ്ഥയിൽ, എത്തിക്കുന്നതിന് അദ്ദേഹത്തിന്റെ റോൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നു അദ്ദേഹം വളരെയധികം, കമ്പനിക്കു വേണ്ടി, സേവനം ചെയ്തിട്ടുണ്ട്, ത്യാഗം ചെയ്തിട്ടുണ്ട്, പക്ഷെ അതൊന്നും അദ്ദേഹം ഒരിക്കലും പ്രകടിപ്പിക്കാറില്ല. ഏറ്റവും ഒരു എളിയ പ്രവർത്തകൻ എന്ന രീതിയിലാണ് എന്നും കമ്പനിയിൽ വരുന്നത്. സാധാരണ ജോലിക്കാരോടും സാധാരണ ബ്രാഞ്ചെസിലും പോയി എല്ലാവരോടും ഫ്രണ്ട്‌ലി ആയി പെരുമാറി, എല്ലാവര്ക്കും ഒരു Fatherly figure ആയിട്ടാണ് കെ പി ബി നിധിയിൽ അദ്ദേഹത്തെ കാണുന്നത്. പിന്നെ മേനോൻ സാറിനെ പറ്റി ഒരു വാക്ക്. മേനോൻ സാർ ഇന്ന് വരാമെന്നു പറഞ്ഞിരുന്നു. കഴിഞ്ഞ വര്ഷം പോലും വിളക്ക് കൊളുത്തുന്നതിനു അദ്ദേഹം നമ്മുടെ കൂടെ ഉണ്ടായിരുന്നു. കഴിഞ്ഞ ഒൻപതു ദിവസം മുൻപ് ഞാൻ കണ്ടിരുന്നു. അദ്ദേഹത്തിന് വരാൻ കുറച്ചു health issues ഉള്ളത് കൊണ്ട് അദ്ദേഹം ഇന്ന് വന്നിട്ടില്ല, വരാമെന്നു പറഞ്ഞിരുന്നതാണ്. എങ്കിലും അദ്ദേഹത്തിന്റെ മനസ്സ് ഇവിടെ തന്നെ ആയിരിക്കും. അത് കൊണ്ട് ഞാൻ അദ്ദേഹത്തെയും ഇവിടെ, in absentia, സ്വാഗതം ചെയ്യുകയാണ്. പിന്നെ നമ്മുടെ സീനിയർ ഡയറക്ടർ, സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ്, മോഹൻദാസ് സാർ. മോഹൻദാസ് സാർ, 45 വർഷത്തോളം ചാർട്ടേർഡ് അക്കൗണ്ടന്റ് ആയി പ്രാക്ടീസ് ചെയ്യുന്ന ഒരു മുതിർന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. നമുക്ക് അദ്ദേഹത്തിന്റെ സേവനം ഫ്രീ ആയിട്ടാണ് കിട്ടുന്നത്. കമ്പനിയുടെ എല്ലാ കാര്യങ്ങൾക്കും, ഏതു അവസരത്തിലും അദ്ദേഹത്തിന്റെ സേവനം നമുക്ക് വളരെയധികം പ്രാധാന്യം അർഹിക്കുന്നു. ഓഡിറ്റ് കമ്മിറ്റി ചെയർമാൻ എന്ന നിലക്ക് നമുക്ക് ഒരു സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് നമുക്ക് കിട്ടുന്നത് വളരെയധികം ഹെൽപ്ഫുൾ ആണ്. കൊച്ചു കൊച്ചു കാര്യങ്ങൾക്കു പോലും, ഉദ്യോഗസ്ഥർ ഉൾപ്പെടെ, ഡിപ്പാർട്മെന്റൽ ഹെഡ്സ് ഉൾപ്പെടെ അദ്ദേഹത്തോട് നേരിട്ട് പോയി സംസാരിക്കാനും അഡ്വൈസ് കിട്ടുന്നതിനും വേണ്ട സംവിധാനം അദ്ദേഹത്തിന്റെ ഓഫീസിൽ തന്നെ

ഒരുക്കിയിട്ടുണ്ട്. നമുക്ക് അദ്ദേഹത്തെ വളരെ സ്നേഹത്തോടെ, വളരെ ആദരവോടെ സ്വാഗതം ചെയ്യാം പിന്നെ നമ്മുടെ വിശ്വരൂപൻ സാർ. നമ്മുടെ കമ്പനിയുടെ ഇപ്പോഴത്തെ ഡയറക്ടർമാരില് ഏറ്റവും സീനിയർ ആണെന്ന് എനിക്ക് തോന്നുന്നു. ഈ കമ്പനി തുടങ്ങുന്ന അവസരത്തില് ഇന്നത്തെ ഈ പ്രാഗൽഭ്യം ഒന്നും ഉണ്ടായിരുന്നില്ല. ഓരോ സ്റ്റെപ്പും, കല്ലും വളരെ സാവധാനത്തിൽ വയ്ക്കുന്ന കാലഘട്ടത്തിലായിരുന്നു വിശ്വരൂപൻ സാർ ഒക്കെ നമ്മുടെ ബോർഡില് വരുന്നത്. അന്ന് കമ്പനിക്ക് ക്യാപിറ്റൽ തന്നെ വളരെ ബുദ്ധിമുട്ടുള്ള സാഹചര്യമായിരുന്നു. അക്കാലത്തു ലാഭമോ നഷ്ടമോ നോക്കാതെ സേവനം അല്ലെങ്കിൽ നമ്മുടെ കമ്പനിയുടെ ഉന്നമനം ലക്ഷ്യമാക്കി നമ്മോടൊപ്പം അന്നും ഇന്നും നമ്മോടൊപ്പം പ്രവർത്തിക്കുന്ന അദ്ദേഹത്തിന് ഹൃദയത്തിന്റെ ഭാഷയിൽ സ്വാഗതം ചെയ്യുന്നു. അടുത്തതായി രാജേഷ് സാർ. രാജേഷ് സാറും ഒരു സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. കെ പി ബി നിധിയുടെ ഏറ്റവും അനുഗ്രഹം എന്ന് പറയുന്നത് നമ്മുടെ ഡയറക്ടർ ബോർഡിലുള്ള എല്ലാവരും ഓരോ ഫീൽഡിൽ അവരുടെ പ്രാഗത്ഭ്യം തെളിയിച്ച ആളുകളാണ്. രാജേഷ് സാർ വളരെ young ആയിട്ടുള്ള വളരെ experienced ആയിട്ടുള്ള ഇന്നത്തെ ലോകത്തിനു പറ്റിയ, ഇന്നത്തെ ജനറേഷന് പറ്റിയ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. അദ്ദേഹത്തിന്റെയും സേവനം നമുക്ക് വളരെ ഫ്രീ ആയിട്ടു കിട്ടുന്നു. നിങ്ങളുടെ കമ്പനി ഇത് കൊണ്ടൊക്കെ തന്നെയാണ് മുന്നോട്ടു പോകുന്നത്. അദ്ദേഹത്തെ എന്റെയും നിങ്ങളുടെയും പേരിൽ സ്വാഗതം ആശംസിക്കുന്നു.

അടുത്തതായി അഡ്വക്കേറ്റ് ഹരീഷ് സാർ. ഹരീഷ് സാറിനെ പറ്റി പറയുകയാണെങ്കിൽ legal ആയിട്ടുള്ള, എന്ത് കാര്യത്തിനും, ഇഷ്യൂ ഉണ്ടെങ്കിലും, പെട്ടെന്നദ്ദേഹത്തോടു ചോദിക്കാം, ഫോണിൽ വിളിക്കാം, നമുക്ക് പെട്ടന്നൊരു അഡ്വൈസ് കിട്ടും. നമ്മുടെ കമ്പനി ആവുമ്പോൾ, നമ്മുടെ കമ്പനി ആവുമ്പോൾ naturally, സ്വർണവും, spurious ഗോൾഡും, കേസുകളും ഒക്കെ പല സ്ഥലങ്ങളിലും, പല ബ്രാഞ്ചുകളിലും, പല സമയത്തും, ഒക്കെ ഉരു തിരിഞ്ഞു വരും. പെട്ടന്നൊരു അഡ്വൈസ്നു, ഏറ്റവും സിമ്പിൾ ആയിട്ടു ഒരു phone call- ൽ അദ്ദേഹത്തിന്റെ സേവനം നമുക്ക് ലഭ്യമാണ്. അദ്ദേഹത്തെയും ഞാൻ ഈ അവസരത്തിൽ സ്വാഗതം ചെയ്തു കൊള്ളുന്നു. അടുത്തതായി സ്വാമിനാഥൻ സാർ. സ്വാമിനാഥൻ സാർ, സോഷ്യൽ ആക്ടിവിറ്റീസ്-ൽ, പാലക്കാട് ആണ്. പാലക്കാടിന്റെ സിരാ കേന്ദ്രത്തിൽ ഇരുന്നു നമ്മുടെ കമ്പനി ക്കു വേണ്ടി, നമ്മുടെ പാലക്കാട് region-ന് വേണ്ടി എല്ലാം ചെയ്യുന്നു. അദ്ദേഹത്തെ ഈ വേദിയിലേക്ക് സ്വാഗതം ചെയ്തു കൊള്ളുന്നു. രാജിമോൾ, രാജിമോൾ നമ്മുടെ വനിതാ ഡയറക്ടർ ആണ്. ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്, പ്രാക്ടിസിങ് ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. സീനിയർ ആണ്. എന്നാലും ന്യൂ generationന്റെ സേവനങ്ങളും എല്ലാം അറിയുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് നമ്മുടെ ബോർഡില് ഉള്ളത് തീർച്ചയായിട്ടും നമുക്ക് ഒരു മുതൽക്കൂട്ടാണ്. അവർ ഓഡിറ്റ് കമ്മിറ്റിയിൽ മെമ്പർ ആണ്. നമുക്ക് വേണ്ട അഡ്വൈസ് ഒക്കെ തരുന്ന അവരെയും ഞാൻ പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. അഡ്വക്കേറ്റ് വിജയകുമാർ സാർ. സാർ അഡിഷണൽ സോളിസിറ്റർ ആയിട്ടു റിട്ടയർ ചെയ്തതാണ്, വളരെ സീനിയർ ആണ്. നമുക്കൊന്നും ചിന്തിക്കാൻ പറ്റില്ല, വളരെ സീനിയർ ആയിട്ടുള്ള, experienced ആയിട്ടുള്ള, വളരെ വലിയ ഒരു office നടത്തുന്ന ഒരു Lawyer ആണ്. അദ്ദേഹത്തിന്റെ സേവനം നമുക്ക് വളരെയധികം പ്രയോജന പ്രദമാണ് .ഒരു അഡ്വൈസറി ആയിട്ടുള്ള എന്ത് കാര്യങ്ങൾ ചോദിക്കുകയാണെങ്കിലും വളരെ ഷാർപ്പ് ആയിട്ടുള്ള, കറക്റ്റ് ആയിട്ടുള്ള, opinion, ക്ലിയർ ആയിട്ട് പറഞ്ഞു തരുന്ന അദ്ദേഹത്തിന് ഈ വേദിയിലേക്ക് പ്രത്യേകം സ്വാഗതം. നമ്മുടെ പുതിയ ഡയറക്ടർ ആണ് റിട്ടയേർഡ് Col.Dinny .നമ്മുടെ കമ്പനിയിൽ ഇത് വരെ ഇല്ലാത്ത ഒരു മുഖമാണ്. ഡിഫെൻസിൽ

നിന്ന് ഒരാൾ നമ്മുടെ കമ്പനിയിലേക്ക് വരുന്നു. ആ experienceസും അവരുടെ കൂട്ടായ്മയും, നമ്മുടെ കമ്പനിക്ക് മുതൽ കൂട്ടായി മാറുന്നു. അദ്ദേഹത്തെയും പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

അടുത്തതായി അഡ്വൈസറി കമ്മിറ്റി മെംബേർസ് ആണ്. മെയിൻ ആയിട്ട് മേനോൻ സർ ആണ് അഡ്വൈസറി കമ്മിറ്റി ഹെഡ് ചെയ്യുന്നത്. പിന്നെ പഴയ 3 MDs. ഇതേ കമ്പനിയിൽ മുൻ വർഷങ്ങളിൽ ഇരുന്ന 3 മാനേജിങ് ഡയറക്ടർസ്, അവരാണ് അഡ്വൈസറി ബോർഡ് ആയിട്ട് ഇരിക്കുന്നത്. പഴയ കാര്യങ്ങളെ സംബന്ധിച്ചു, എന്ത്, ഒരു കമ്പനി 34 വർഷം കമ്പ്ലീറ്റ് ചെയ്യുകയാണ്. അപ്പൊ തുടക്കം തൊട്ടു കുറെ കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ ആദ്യം ശർമ സാറിനെ ആണ് എനിക്കോർമ്മ വരുന്നത്. ശർമ സാർ ആണ് കമ്പനിയുടെ branches- expansion. നമ്പർ ഓഫ് ബ്രാഞ്ചെസ് ഏറ്റവും കൂടുതൽ expand ചെയ്തത് ശർമ സാറിന്റെ സമയത്താണ്. അത് പോലെ തന്നെ ജഗദീശൻ സാറിന്റെ സമയത്താണ് സെൻട്രലൈസ്ഡ് അക്കൗണ്ടിംഗ്, കമ്പനിയുടെ സെൻട്രലൈസ്ഡ് അക്കൗണ്ടിംഗ് പാക്കേജ് വന്നതും കോർ ബാങ്കിങ് എല്ലാം implement ചെയ്തതും. മുരളി സാർ ആണ് ഇവര് implement ചെയ്ത സംഭവം മുന്നോട്ടു കൊണ്ട് പോയത്.

അത് കൊണ്ട് ശർമ സാറിനും ജഗദീശൻ സാറിനും മുരളി സാറിനും പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. പിന്നെ വിഷ്ണു പ്രസാദ് സാർ, മേനോൻ സാറിന്റെ മകനാണ്. സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. അദ്ദേഹം ഒരു ബോർഡ് മീറ്റിംഗ് പോലും ഒഴിവാക്കാറില്ല. എല്ലാ മീറ്റിംഗുകളും നിര്ബന്ധമായി പങ്കെടുക്കും, അഡ്വൈസ് ഒക്കെ ഓൺ ദി സ്പോട് ആണ്. ഗൂഗിളിൽ നോക്കി അപ്പൊ പറഞ്ഞു തരും. എന്ത് ഇഷ്യൂ വന്നാലും, ഗൂഗിളിൽ നോക്കുന്നു, അപ്പൊ പറഞ്ഞു തരുന്നു. ഇത്രയും വലിയൊരു ബോർഡ്, ഇത്രയും വലിയൊരു സപ്പോർട്ട് ഉള്ളത് കൊണ്ട് മാത്രമാണ് നമ്മുടെ കമ്പനിക്ക് ഒരു ഇഷ്യൂസ് ഇല്ലാതെ മുന്നോട്ടു പോകാൻ കഴിയുന്നത്. എല്ലാവര്ക്കും പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. ഇനി നമ്മുടെ പ്രൊമോട്ടർ ഡയറക്ടർ team എല്ലാം മുന്നിൽ ഇരിക്കുന്നുണ്ട്. വാസുദേവൻ സാർ ഇരിക്കുന്നുണ്ട്, M.S.P സാർ ഇരിക്കുന്നുണ്ട്, രാജേന്ദ്രൻ സാർ ഇരിക്കുന്നുണ്ട്, വല്യത്താൻ സാർ ഇരിക്കുന്നുണ്ട്, പിന്നെ ഓൺലൈൻ ആയിട്ട് ഒരു പാട് നമ്മുടെ പഴയ promoters, മഴയുടെ സാഹചര്യം കൊണ്ടും, age-ന്റെ ഇഷ്യൂ കൊണ്ടും വരാൻ സാധിച്ചിട്ടില്ല, പലരും ചെയർമാനെ വിളിച്ചു പറഞ്ഞിട്ടുണ്ട്, ട്രൈ ചെയ്യാമെന്ന്, ഇല്ലെങ്കിൽ വരാൻ പറ്റില്ല, ഞങ്ങൾ ഓൺലൈൻ ആയിട്ട് പങ്കെടുക്കാം എന്ന് ചെയർമാനെ വിളിച്ചു പറഞ്ഞിട്ടുണ്ട്, കമ്പനി സെക്രട്ടറിയെ വിളിച്ചു പറഞ്ഞിട്ടുണ്ട്, എന്നെ വിളിച്ചു പറഞ്ഞിട്ടുണ്ട്, അപ്പൊ പലരും ഓൺലൈനിൽ അവൈലബിൾ ആണ്. അവർക്കെല്ലാം പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. പിന്നെ നമ്മുടെ auditors, സജീവ് സാർ ആണ് നമ്മുടെ ഓഡിറ്റ് വർക്ക് ചെയ്തത്. സജീവ് സാറിന്റെ ടീം രണ്ടു മൂന്ന് മാസം, സജീവ് സാർ ഇത് own ചെയ്തു, സ്വന്തം കമ്പനി നോക്കുന്ന പോലെ, 3 മാസം തുടർച്ചയായി രണ്ടു ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ സേവനം H.O യിൽ നമുക്ക് ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഡിസംബർ വരെയുള്ള എല്ലാ പ്രവർത്തനങ്ങളും വളരെ നേരത്തെ ചെയ്തിരുന്നു. അങ്ങനെ സ്വന്തം കമ്പനി നോക്കുന്ന പോലെയാണ് സജീവ് സാറിന്റെ ടീം ഓഡിറ്റിന് നമ്മളെ സഹായിച്ചത്. സജീവ് സാറിനും ഓഡിറ്റ് ടീമിനും പ്രത്യേകം സ്വാഗതം ആശംസിച്ചു കൊള്ളുന്നു.

പിന്നെ നമ്മുടെ കമ്പനി സെക്രട്ടറീസ്. വാസുദേവൻ സാർ, പിന്നെ മിഥുൻ അസ്സോസിയേറ്റ്സ്, ഇവരെല്ലാം ഓൺലൈൻ ആയിട്ടു പങ്കെടുക്കുന്നുണ്ട്. അവരെല്ലാം, compliance ആംഗിൾ-ൽ, നമുക്ക് ഇവിടെ ഫുൾ ടൈം ആയിട്ടുള്ള കമ്പനി സെക്രട്ടറി

ഉണ്ട്. അവർ മിഥുൻ സാറിൽ നിന്നും, വാസുദേവൻ സാറിൽ നിന്നുമാണ് അഡ്വൈസ് എടുക്കുന്നത്. അവരും ഓൺലൈൻ ആയിട്ട് ജോയിൻ ചെയ്യുന്നുണ്ട്. അവർക്കും പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. പിന്നെ ഈ മീറ്റിംഗ് നമ്മുടെ C.F.O., കമ്പനി സെക്രട്ടറി. I.T. ടീം ഇവരെല്ലാം ഒരു മാസത്തോളമായി ഇതിന്റെ പ്രവർത്തനത്തിലായിരുന്നു. അവർക്കെല്ലാം ഈ അവസരത്തില് പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. പിന്നെ നമ്മുടെ സ്റ്റാഫ് അംഗങ്ങൾ, ക്ലസ്റ്റർ ഹെഡ്സ്, റീജിയണൽ ഹെഡ്സ്, Head office team ഇവരെല്ലാം ഓൺലൈൻ ആയിട്ടു നമ്മളെ വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാവര്ക്കും പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. പിന്നെ നമ്മുടെ എക്സ് എംപ്ലോയീസ് .അവരും shares ഒന്നും പലരും കൊടുത്തിട്ടില്ല, കഴിഞ്ഞ ദിവസം പലരും വിളിച്ചിരുന്നു. അവരെല്ലാരും ഓൺലൈൻ ആയിട്ട് പങ്കെടുക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അവർക്കും പ്രത്യേകം ആശംസ, പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. ഇനി, ഏറ്റവും കൂടുതൽ സ്വാഗതവും, ഏറ്റവും കൂടുതൽ നന്ദി യും പറയുന്നത് നിങ്ങൾ ഓരോരുത്തരോടുമാണ്. നിങ്ങൾ ഓരോരുത്തരോടുമാണ് എനിക്ക് നന്ദി പറയാനുള്ളത്. കഴിഞ്ഞ വര്ഷം നമുക്ക് കുറെ പുതിയ മെമ്പേഴ്സിനെ കിട്ടിയിരുന്നു. ഓരോ മാസവും നമുക്കേതാണ്ട് ആയിരത്തിലധികം പുതിയ മെംബേർസ് നമ്മുടെ കമ്പനിയിൽ ചേർന്നിട്ടുണ്ട്. ഏതാണ്ടൊരു 18000 മെംബേർസ് പുതിയതായിട്ടു ചേർന്നിട്ടുണ്ട്, കഴിഞ്ഞ ജനറൽ ബോഡി മീറ്റിംഗ് മുതൽ ഇന്ന് വരെ. ഏതാണ്ട് 18000, ന്യൂ മെംബേർസ് നമ്മുടെ കൂടെ കൂടിയിട്ടുണ്ട്. അവർക്കെല്ലാവർക്കും പ്രത്യേകം സ്വാഗതം, നമ്മുടെ existing shareholders, നമ്മുടെ കമ്പനിയുടെ, 34 വർഷമായി, കൂടെ ഉണ്ടായിരുന്ന എല്ലാ shareholderമാർക്കും എല്ലാ member മാർക്കും, എല്ലാ കെ.പി.ബി. കുടുംബാംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിര്ത്തുന്നു.

നന്ദി.നമസ്കാരം.

**ചെയർമാൻ**

അപ്പൊ വോട്ടിങ്ങിന്റെ കാര്യം എല്ലാവരെയും ഓർമിപ്പിക്കുകയാണ്. അവരവരുടെ മൊബൈൽ എടുത്തു ഇപ്പൊ തന്നെ വോട്ടിംഗ് പൂർത്തിയാക്കാവുന്നതാണ്.

കഴിഞ്ഞ 5 വർഷമായി ഞാൻ ചെയർമാൻ എന്ന നിലയിൽ കെ.പി.ബി നിധി യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അതിനും മുൻപ് ഒരു 5 വർഷത്തോളം ഡയറക്ടർ എന്ന രീതിയിലും എന്റെ ഭാഗമായിട്ട് ഉണ്ടായിരുന്നു. വളരെ സന്തോഷകരമായ കാര്യങ്ങളാണ് കെ.പി.ബി നിധി യുടെ ചെയർമാൻ എന്ന രീതിയിൽ ഉണ്ടായിട്ടുള്ളത്. M.D പറഞ്ഞത് പോലെ ഏറെ പ്രതീക്ഷയോടു കൂടിയാണ് ഭാരതം ഇന്ന് മുൻപോട്ടു പോയി കൊണ്ടിരിക്കുന്നത്, ലോകം ഭാരതത്തെ നോക്കുന്നത്. ലോകം മുഴുവൻ വിഴുങ്ങിയ മഹാമാരി, കൊറോണ എന്ന മഹാമാരി, ആ മഹാമാരിയുടെ കെടുതികളിൽ നിന്നും ഇന്നും ലോകം മുക്തമായിട്ടില്ല. ലോകത്തിന്റെ വലിയ സാമ്പത്തിക ശക്തികളിൽ പലരും രോഗത്തിന്റെ കെടുതികളിൽ നിന്നും മോചനം നേടാതെ വളർച്ചയിൽ പിന്നോക്കം പോയി കൊണ്ടിരിക്കുന്ന ഒരു ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതിന്റെ വിശദാംശങ്ങളിൽ ഞാൻ കടക്കുന്നില്ല. അതെ സമയത്തു പ്രതീക്ഷയുടെ പച്ച തുരുത്തായി ഭാരതം ഇന്ന് ലോകത്തിന്റെ മുന്നിൽ തലയുയർത്തി നിൽക്കുന്നതും നമുക്ക് കാണാൻ കഴിയും. ലോകത്തിലെ എല്ലാ rating agencies ഉം ഭാരതത്തിന്റെ സാമ്പത്തിക മേഖലയുടെ വളർച്ച ശുഭ പ്രതീക്ഷിതമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാ മേഖലയിലും ഭാരതത്തിലിന്നു വികസനം സംഭവിച്ചു കൊണ്ടിരിക്കുന്നു എന്നത് നമ്മുടെ ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ നോക്കിയാൽ തന്നെ നമുക്ക് മനസ്സിലാവും.

പിൽക്കാലത്തെ രോഗ ബാധിത സംസ്ഥാനങ്ങൾ എന്നറിയപ്പെട്ടിരുന്ന സംസ്ഥാനങ്ങൾ ഇന്ന് സാമ്പത്തികമായി വളരെയധികം മുന്നോട്ടു വരികയും മൊത്തം ഭാരതത്തിന്റെ സാമ്പത്തികമായ മുന്നോട്ടുള്ള പോക്കില് വലിയ പങ്കു വഹിച്ചു മുന്നേറി കൊണ്ടിരിക്കുന്നതായിട്ടു നമുക്ക് കാണാൻ കഴിയും. സ്വാഭാവികമായും സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം എന്ന രീതിയിൽ, ഭാരതത്തിൽ ഉണ്ടായി കൊണ്ടിരിക്കുന്ന സാമ്പത്തികമായ മുന്നേറ്റം, കെ.പി.ബി നിധി യെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷ നൽകുന്ന ഒരു കാര്യം തന്നെയാണ്. അതിന്റെയൊക്കെ ക്ഷീണം പൂർണമായി മാറി എന്ന് നമുക്കിപ്പോൾ പറയാൻ കഴിയില്ല. കൊറോണയുടെ കാലഘട്ടത്തിൽ നമുക്കൊരു പാട് പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതിന്റെ ദുരിതങ്ങളൊക്കെ വന്നു. ഭാഗ്യവശാൽ കഴിഞ്ഞ ഒന്നൊന്നര വർഷമായി സാഹചര്യങ്ങൾ മാറി മാറി വരുന്നതനുസരിച്ചു നമ്മുടെ സ്ഥാപനത്തിലും അതിന്റേതായ ഗുണ ഫലങ്ങൾ നമുക്ക് കാണാനായിട്ടു കഴിയുന്നുണ്ട്. കഴിഞ്ഞ വർഷം ഈ വേദിയിൽ ഇരുന്നു കൊണ്ട് വാർഷിക ഡിവിഡന്റ് 7 ശതമാനം എന്ന് പറയുമ്പോൾ അന്ന് ഞാൻ ഒരു വാക്ക് പറഞ്ഞിരുന്നു, അടുത്ത വർഷം കൂടുതൽ മെച്ചപ്പെട്ട ഡിവിഡന്റ് കൊടുക്കാനുള്ള സാഹചര്യമാണ് നിലവിൽ കാണുന്നത്, അത് കൊണ്ട് ഏറെ പ്രതീക്ഷയുണ്ട്, ഭാവിയെ സംബന്ധിച്ചിടത്തോളം എന്ന് അന്ന് പറഞ്ഞിരുന്നു, സഹപ്രവർത്തകരുടെ, നമ്മുടെ സ്ഥാപനത്തിലെ ഓരോ ജീവനക്കാരുടെയും അശ്രാന്തമായ പരിശ്രമം കൊണ്ട്, എന്റെ വാക്കിന് അവർ വില ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം, മാർച്ചിനു മുമ്പ്, നമ്മുടെ സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയിട്ടുള്ള ഡയറക്ടർ, ശ്രീ മോഹൻദാസ് സാറുമായി ഞാൻ സംസാരിക്കുമ്പോൾ, അദ്ദേഹം പറഞ്ഞു, നമുക്ക് 9 ശതമാനമെങ്കിലും ഡിവിഡന്റ് ഉറപ്പായിട്ടും കൊടുക്കാൻ പറ്റും എന്നാണ്. എനിക്ക് തോന്നുന്നു ഫെബ്രുവരിയിലോ മറ്റോ ആണെന്ന് തോന്നുന്നു. പക്ഷെ സജീവൻ സാറിന്റെയും ടീമിന്റെയും ഓഡിറ്റ് മുഴുവൻ ചെയ്തു കഴിഞ്ഞപ്പോൾ, വളരെ സന്തോഷമുണ്ട് 10 ശതമാനം ഡിവിഡന്റ് കൊടുക്കാൻ പറ്റിയ ഒരു അവസ്ഥയിലേക്ക് നമ്മുടെ കമ്പനി വളർന്നിരിക്കുന്നു. നമ്മുടെ പ്രതീക്ഷയേക്കാൾ കൂടുതൽ നല്ല ഒരു റിസൾട്ട് നമുക്ക് കഴിഞ്ഞ വർഷം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പല shareholders ന്റെയും പ്രതീക്ഷ ഇതിനപ്പുറത്തേക്കായിരിക്കും, 25 ശതമാനമൊക്കെ കിട്ടിയാൽ കൊള്ളാമെന്നൊക്കെ ആഗ്രഹിക്കുന്നവരുണ്ട്. പക്ഷെ എങ്കിലും സാമാന്യം ഭേദപ്പെട്ട ഒരു പെർഫോമൻസ് നമുക്ക് കഴിഞ്ഞ വര്ഷം കാഴ്ച വയ്ക്കാൻ കഴിഞ്ഞെന്നു മാത്രമല്ല, ഈ വര്ഷം ഇത് വരെയുള്ള കാര്യങ്ങൾ വച്ച് നോക്കുമ്പോൾ ,ഈ നിലവാരത്തിലോ ഇതിനും മെച്ചപ്പെട്ട നിലവാരത്തിലോ അടുത്ത വർഷവും ഡിവിഡന്റ് കൊടുക്കാൻ കഴിയുമെന്നാണ് ഞാൻ കണക്കാക്കുന്നത്. അതാണെന്റെ പ്രതീക്ഷ. നമ്മുടെ മൊത്തം ബിസിനസ് വച്ച് നോക്കുമ്പോൾ ഏകദേശം 600 കോടി deposit എന്ന നിലവാരത്തിലേക്ക് ഈ വര്ഷം നമ്മൾ കടക്കും എന്ന് മാത്രമല്ല മാർച്ച് 31 നു ക്ലോസ് ചെയ്യുമ്പോൾ 600 കോടിയിലധികം deposit ഉള്ള സ്ഥാപനം എന്ന രീതിയിലായിരിക്കും നമ്മൾ ക്ലോസ് ചെയ്യുന്നത്. കാരണം അതിനുള്ള, തരത്തിലുള്ള ഒരു പ്രോഗ്രസ്സ് നിലവിൽ, നമ്മൾ കാണിച്ചു കൊണ്ടിരിക്കുന്നു. Advance-ന്റെ ദൃഷ്ടിയിലും നമ്മൾ നല്ലൊരു നിലവാരമാണ് കാണിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് നിത്യേന പത്രം എടുത്താൽ, തകരുന്ന ധനകാര്യ സ്ഥാപനത്തെ കുറിച്ചാണ് എല്ലാവരും വായിക്കുന്നത്. കെ.പി.ബി യെ സംബന്ധിച്ചിടത്തോളം നമുക്ക് അഭിമാനത്തോടെ പറയാം, അതിന്റെ ഡയറക്ടർ ബോർഡില് ഇരിക്കുന്ന ആളുകൾ, അതിന്റെ ഉന്നത തലത്തിലെ ഉദ്യോഗസ്ഥർ, ഏറെ പ്രതിബദ്ധതയോടു കൂടി ഈ സ്ഥാപനത്തെ മുന്നോട്ടു കൊണ്ട് പോകുവാണ്. നമ്മളുടെ ആചാര്യൻ എന്ന രീതിയിൽ, നാം കാണുന്ന മേനോൻ സാർ, അദ്ദേഹത്തിന്റെ അഭാവം വല്ലാതെ ഫീൽ ചെയ്യുന്നുണ്ട്. എപ്പോഴും

പറയുന്ന ഒരു വാക്ക് ഇതൊരു ഫിനാൻഷ്യൽ സർവീസ് ആണ്, ഇത് ഫിനാൻഷ്യൽ ബിസിനസ് അല്ല. ഫിനാൻഷ്യൽ സർവീസ് ആണ് നമ്മൾ ഉദ്ദേശിക്കുന്നത്. വളരെ സാധാരണക്കാരായിരുക്കുന്ന ആൾക്കാർക്ക് മറ്റുള്ള സ്ഥലത്തു നിന്ന് കിട്ടുന്നതിനേക്കാൾ മെച്ചപ്പെട്ട സേവനം എല്ലാ അർത്ഥത്തിലും, അത് ലോൺ എടുക്കുന്നവർക്ക് കുറഞ്ഞ പലിശയിൽ ലോൺ എടുക്കാനും, deposit എടുക്കുന്നവർക്ക് സാമാന്യം മെച്ചപ്പെട്ട പലിശ അവർക്കു കൊടുക്കുവാനും, രണ്ടു കൂട്ടർക്കും ഈ സ്ഥാപനം, ഫിനാൻഷ്യൽ സർവീസ് എന്ന അർത്ഥത്തിൽ മുന്നോട്ടു കൊണ്ട് പോവണം, സമൂഹത്തിനു വേണ്ടീട്ട നാം ചെയ്യുന്ന ഒരു കാര്യമാണ്, എന്ന അദ്ദേഹം മുന്നോട്ടു വെച്ചിട്ടുള്ള ആശയത്തെ, മുറുകെ പിടിച്ചു കൊണ്ട് തന്നെയാണ് കെ.പി.ബി ഇത് വരെ പോയിട്ടുള്ളതും, ഇനി പോകാൻ പോകുന്നതും. നമ്മുടെ ബാലൻസ് ഷീറ്റിന്റെ വിശദാംശങ്ങളിൽ ഞാൻ കടന്നിട്ടില്ലെങ്കിലും പെട്ടെന്ന്, എന്റെ മനസ്സിൽ വന്ന ഒരു കാര്യം നിങ്ങളുടെ അടുത്ത് ഞാൻ ഷെയർ ചെയ്യാൻ നോക്കുന്നതാണ്, ശ്രമിക്കുന്നതാണ്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം, ലോൺ കൊടുക്കുന്നതിൽ ഗോൾഡ് ലോൺ ആണ്. ആകെ ലോണിന്റെ ഏകദേശം എൺപതു ശതമാനത്തിൽ നമ്മൾ ഗോൾഡ് ലോൺ ആണ് കൊടുത്തിട്ടുള്ളത്, അതായതു easily redeemable ആണ്, അത് തന്നെ ഈ സ്ഥാപനത്തിന്റെ കരുത്താണ്, ആ തരത്തിൽ ഈ സ്ഥാപനം നല്ല ഉറച്ച കാൽ വയ്പ്പോടു കൂടി, എല്ലാ ഭാഗവും വളരെയധികം, ഒരു prudential business, എന്ന് പറയുന്ന പോലെ, വളരെ ശ്രദ്ധാപൂർവം, സ്ഥാപനത്തിന്റെ താത്പര്യങ്ങളും, നിക്ഷേപകരുടെ താത്പര്യങ്ങളും, എല്ലാം കണക്കിലെടുത്തു കൊണ്ട് വളരെ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു. അതിന്റെ ഒരു ഭാഗം ആകാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനം ഉണ്ട്. ഇപ്പോഴത്തെ M.D യും മുൻ M.D-മാരുമൊക്കെ എന്റെ മുന്നിലുണ്ട്. അവരുടെയൊക്കെ സേവനത്തെ ഞാൻ ഈ അവസരത്തിൽ സ്മരിക്കുകയാണ്. കൂടുതൽ സാമ്പത്തികമായ ബാലൻസ് ഷീറ്റും മറ്റു അനുബന്ധമായ കാര്യങ്ങളുമൊക്കെ നമ്മുടെ MD, കാരണം അദ്ദേഹമാണല്ലോ നിത്യ കാര്യങ്ങൾ ചെയ്യുന്നത്, കൂടുതൽ വിശദമാക്കുന്നതായിരിക്കും. അതോടൊപ്പം തന്നെ നമ്മൾ റിക്കവറി department ശക്തമാക്കിയിട്ടുണ്ട്. വരുന്ന വർഷങ്ങളിൽ അതിന്റെ ഫലം ഇപ്പോൾ തന്നെ ചെയ്തിട്ടുള്ള നിരവധി തുടക്കങ്ങൾ, initiatives, വരും വർഷങ്ങളിൽ കൂടുതൽ ഫലം ചെയ്യുകയും, കൂടുതൽ കൂടുതൽ നമ്മുടെ സ്ഥാപനം മുന്നോട്ടു പോകുന്ന ഒരു സാഹചര്യം വരികയും ചെയ്യും, അത് കൊണ്ട് ഞാൻ കെ.പി.ബി യുടെ ഭാവി ശുഭമായിട്ടുള്ള ഒരു ഭാവി തന്നെയാണ് എന്റെ കണ്ണുകളിൽ കാണുന്നത്. അങ്ങനെ ഞാൻ പറയാൻ ഒരു കാരണം, ഞാൻ റിട്ടയർ ചെയ്യുകയാണ്. കെ.പി.ബി യുടെ ചെയർമാൻ എന്ന രീതിയിലും ഡയറക്ടർ എന്ന രീതിയിലും എന്റെ കാലാവധി തീരുകയാണ്. അടുത്ത A.G.M.നു ഞാൻ ആയിരിക്കില്ല ചെയർമാൻ. എന്നേക്കാൾ കഴിവുള്ളവർ ഈ സ്ഥാനത്തേക്ക് വരുമെന്ന് എനിക്കുറപ്പുണ്ട്. ഒരു പക്ഷെ ഡയറക്ടർ ബോർഡില് ഏറ്റവും കുറഞ്ഞ യോഗ്യത ഉള്ള ആൾ ഞാൻ ആണ്. ഇതൊക്കെ A.G.M -ൽ വിളിച്ചു പറയാമൊന്നു എനിക്കറിയില്ല. പൊതു പ്രവർത്തനത്തിന്റെ വലിയൊരു അനുഭവ സമ്പത്തൊഴിച്ചാൽ ബാക്കി യോഗ്യതകളൊക്കെ കുറവുള്ള ഒരാളെ എല്ലാരും കൂടി പിടിച്ചു ചെയർമാൻ ആക്കിയതാണ്. ഞാൻ ബാങ്കിൽ ജോലി ചെയ്തിട്ടുണ്ട്, അതിന്റെ അനുഭവ സമ്പത്തുണ്ടെനിക്ക്, ഇല്ല എന്നല്ല, പക്ഷെ എന്റെ കൂടെ ഉള്ള ടീം, അന്നും, ഇന്നും, ഞാൻ വരുമ്പോൾ ഉള്ളതും ഇപ്പൊ ഉള്ളതും ഒക്കെ, അവരുടെ മുൻപിൽ നോക്കുമ്പോൾ, അവരെക്കാൾ യോഗ്യത കുറഞ്ഞ ഒരാള്, ഏതാണ്ട് കുചേല വൃത്തത്തിൽ കുചേലൻ കൃഷ്ണനെ കണ്ടപ്പോൾ പറഞ്ഞ ഒരു വാക്കുണ്ട്

'Nishkinchanaam bhoosurane pokkamerum talpametti Salkarichathum Bhavaan' എന്നൊക്കെ പറഞ്ഞു ഒരു വരിയുണ്ട്. വളരെ സാധാരണക്കാരനായ എന്നെ പിടിച്ചു മേനോൻ സാർ ആണ് ഡയറക്ടർ Board-ലോട്ടു കൊണ്ട് വന്നതും ചെയർമാൻ ആക്കിയതും ഒക്കെ. ഈ ഉത്തരവാദിത്വം എന്നെ ഏൽപ്പിക്കുകയും കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഈ ഉത്തരവാദിത്വം പരമാവധി ആത്മാർത്ഥമായി ഞാൻ നിർവഹിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കുറവുകൾ ഉണ്ടാവാം. ചെയർമാൻ എന്ന രീതിയിൽ പലരുമായും ഇടപെടുമ്പോൾ ആർക്കെങ്കിലും കാരുഷ്യം എന്നിൽ നിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ പരസ്യമായി ഞാൻ മാപ്പു ചോദിക്കുന്നു. അതിലെനിക്കൊരു മടിയുമില്ല. കാരണം മനുഷ്യ സഹജമായ കുറവുകൾ എനിക്കുമുണ്ടല്ലോ. ആ കുറവുകൾ മാത്രം കൊണ്ട് ഞാൻ പറയുകയാണ്. എനിക്ക് വേണ്ട എല്ലാ പിന്തുണയും തന്ന, ഒരു സ്ഥാപനത്തിന്റെ ചെയർമാൻ എന്ന നിലയ്ക്ക് സ്ഥാപനത്തിന്റെ നേതൃത്വം വഹിച്ചു മുന്നോട്ടു പോകാൻ എനിക്ക് എല്ലാ പിന്തുണയും തന്ന വർത്തമാന MD ക്കും എന്റെ മുൻ MD മാർക്കും കെ.പി.ബി നിധിയിലെ Head office മുതൽ സാധാരണ ബ്രാഞ്ച് വരെയുള്ള എല്ലാ ജീവനക്കാർക്കും ഞാൻ ഈ സന്ദർഭത്തിൽ നന്ദി പറയുന്നു. അവരുടെ എല്ലാവരുടെയും അകമഴിഞ്ഞ ഒരു പിന്തുണ, നേരത്തെ MD പറഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി, ഒരു father figure ആയിട്ടു അവരെന്നെ കണ്ടിരുന്നുന്നു, സത്യമാണ് ബ്രാഞ്ചുകളിൽ പോകുമ്പോൾ ഞാൻ അത് അനുഭവിച്ചിട്ടുണ്ട്. കെ.പി.ബി യുടെ എല്ലാ ബ്രാഞ്ചിലും പോകാനുള്ള ഭാഗ്യവും എനിക്കുണ്ടായിട്ടുണ്ട്. അപ്പൊ ആ നിലകളിൽ ഒക്കെ വളരെ നല്ല ഒരു സഹകരണമാണ് entire team നമുക്ക് തന്നിട്ടുള്ളത്. അവരെയൊക്കെ പ്രോത്സാഹിപ്പിക്കാൻ, പ്രേരിപ്പിക്കാൻ എന്നാലാവുന്ന ചില ശ്രമം ഞാൻ നടത്തിയിട്ടുണ്ട്, കെ.പി.ബി യുടെ വിജയം, ഉത്തരോത്തരം മുന്നോട്ടു പോവട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്, എല്ലാ ഭാവുകങ്ങളും എല്ലാവർക്കും നേർന്നു കൊണ്ട് കൂടുതൽ കൂടുതൽ നല്ല റിസൾട്ടുകൾ വരും വർഷങ്ങളിൽ കെ.പി.ബി ക്കു ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്, കെ.പി.ബി, മേനോൻ സാറിന്റെ സ്വപ്നം പോലെ, ഒരു financial service institution എന്ന നിലയിൽ അതിന്റെ വിജയ പതാക ഉയർത്തി പാറിക്കാൻ സാധിക്കട്ടെ, എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു. ഒരിക്കൽ കൂടി എല്ലാവര്ക്കും നന്ദി, നമസ്കാരം. നമ്മളുടെ വാർഷിക റിപ്പോർട്ട് മാനേജിങ് ഡയറക്ടർ ഇപ്പോൾ അവതരിപ്പിക്കുന്നതാണ്. അതിനെ തുടർന്ന് ചില ആൾക്കാർ ചില ചോദ്യങ്ങളൊക്കെ അയച്ചു തന്നിട്ടുണ്ട്,.........ഇല്ല ആരും അയച്ചു തന്നിട്ടില്ല, പക്ഷെ ആർക്കെങ്കിലും എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ അതിനും ഉത്തരം പറയുന്നുണ്ടാവും. അപ്പോൾ അതിനു ആദരണീയ MD യെ Annual Report വായിക്കുന്നതിനും അത് പോലെ തന്നെ സാമ്പത്തികമായ കാര്യങ്ങളുടെ സമ്മറി പറയുന്നതിനും വേണ്ടി അദ്ദേഹത്തെ ക്ഷണിക്കുന്നു.

Managing Director

Thank you Sir.

നേരത്തെ സൂചിപ്പിച്ച പോലെ കഴിഞ്ഞ വർഷം കെപിബി യെ സംബന്ധിച്ചിടത്തോളം നേട്ടങ്ങളുടെ ഒരു വർഷമായിരുന്നു. നമ്മുടെ shareholders, തന്നെയാണ് നമ്മുടെ കസ്റ്റമേഴ്സ്. കഴിഞ്ഞ വർഷം ഏകദേശം ഒരു ലക്ഷം shareholders ആണ് നമുക്കുണ്ടായിരുന്നത്. അതിപ്പോൾ ഒരു ലക്ഷത്തി ഇരുപത്തിനായിരത്തോടു അടുക്കുകയാണ്.അപ്പൊ ഈ ഒരു ലക്ഷത്തിഇരുപതിനായിരം കസ്റ്റമേഴ്സ് തന്നെയാണ് നമ്മുടെ ശക്തി, നമ്മുടെ ബിസിനസ്. ഈ കാര്യങ്ങളൊക്കെ വളരെ വിശദമായി audited ബാലൻസ് ഷീറ്റും ഫൈനാൻഷ്യൽസും ഏതാണ്ട് 21 ദിവസത്തിന് മുന്നേ

തന്നെ നമ്മൾ മെമ്പേഴ്സിന് അയച്ചു കൊടുത്തിട്ടുണ്ടായിരുന്നു. അതിൽ എന്തെങ്കിലും questions ഉണ്ടെങ്കിൽ അത് ഏഴു ദിവസത്തിന് മുന്നേ തന്നെ പറയണമെന്ന് നോട്ടീസിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഇന്നലെ വൈകീട്ട് ഓഫീസിൽ നിന്നിറങ്ങുമ്പോൾ വരെ ഞാൻ നോക്കി എന്തെങ്കിലും questions ഉണ്ടെങ്കിൽ മറുപടി പറയാമെന്നു, ആരുടേയും questions ഒന്നും കണ്ടില്ല. എന്നിരുന്നാൽ തന്നെയും നമ്മുടെ annual report book മുഴുവൻ വായിക്കാൻ പറ്റാത്തത് കൊണ്ട്, കമ്പനിയുടെ highlights മാത്രം, വായിക്കുന്നതാണ്, അത് കഴിഞ്ഞു വീണ്ടും ഒന്ന് മലയാളത്തിൽ explain ചെയ്യാം. ആദ്യമായിട്ട് ബാലൻസ് ഷീറ്റിന്റെ, ഒരു extract മാത്രം ഇപ്പോൾ വായിക്കാം.

Dear Shareholders

It is a privilege and honour to invite you all once again to the 34th Annual General Meeting of KPB Nidhi Ltd. Thank you for joining us today. The Indian economy is rebounding strongly and becoming one of the fastest growing economies. It is perceived as a bright spot in the global economy by IMF etc, clearly expected to grow faster than many large economies. By the end of calendar year 2022, India had grown to become the 5th largest economy in the world by GDP. Aided by a strong domestic demand, focused long term investment by Government and encouragingly big services export, the provisional GDP growth for the financial year reached 7.2%, one of the highest among large economies. India is slowly, but steadily progressing towards a distinct position in the global stage. Ignited by this India positive story, KPB Nidhi also ascended on an upward projectory concluding a triumphant year. This financial year as you would have noticed, many of our actions were guided by the principle of creating a solid base for the company to grow in future. We have posted the financial ratios in our Annual Report. So I am not repeting this all over again. As the annual report is available with you, I assume your permission to skim through the report and read only the highlights of our performance last year.

First, I would like to mention about capital and reserve. Networth of the Company as on 31st March 2023 is 42.10 crore against 39.61 crore of last FY. Highlight of this growth is a marked improvement on reserve more than 30% of the capital, the Company has ploughed back 113.25 lakhs of surplus to reserve. Next is business figures

